# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## ഹാലോവിൻ ആഘോഷത്തിന് മരിച്ചവരുമായുള്ള ബന്ധം




### ഹാലോവിന്റെ ചരിത്രം

ഹാലോവിൻ ആഘോഷങ്ങളുടെ വ്യക്തവും കൃത്യവുമായ ഒരു ചരിത്രം അത്ര തെളിമയുള്ളതല്ല. ചില ചരിത്രകാരന്മാരുടെ വിവരണമനുസരിച്ച് സാംഹയിൻ എന്നുപേരുള്ള ഒരു ഗേലിക് ഉത്സവത്തിന്റെ പരിണാമമാണിത്. വിളവിന്റെ ആഘോഷവും തണുപ്പുകാലത്തിന്റെ ആരംഭവും ആഘോഷിക്കുന്നതിനായിരുന്നു ഈ ഉത്സവം. തണുപ്പുകാലം കഠിനമായി ബാധിക്കുമെന്നതിനാൽ ഏറെപ്പേരുടെ മരണത്തിനും ഈ സമയം കാരണമാകുമായിരുന്നു. തണുപ്പുകാലത്തോടൊപ്പം വരുന്ന മരണകാലഘട്ടത്തെ ഭയന്നതിനാൽ, മരണദൂതുമായെത്തുന്ന ആത്മാക്കളെ തെറ്റിദ്ധരിപ്പിക്കുവാനായി ജനങ്ങൾ മരിച്ചുപോയവരുടെയും മറ്റും വേഷം ധരിച്ച് കറങ്ങിനടന്നു. അങ്ങനെ മരണത്തെ ആ തണുപ്പുകാലത്തെങ്കിലും തോല്പിക്കാമെന്നവർ കരുതി. അങ്ങനെ മരിച്ചുപോയവരുടെ ഉത്സവമായി അതു മാറി. ജീവിച്ചിരിക്കുന്നവർ മരിച്ചുപോയവരുടെ വേഷമിട്ട് യമദൂതന്മാരെ പറ്റിക്കുന്ന സമയം. ഇതാണ് ഹാലോമിന്റെ ചരിത്രപരമായ ആരംഭം.

കത്തോലിക്കാ സഭയിൽ സകലവിശുദ്ധരുടെയും തിരുനാൾ ഔദ്യോഗികമായി ആരംഭിക്കുന്നത് എ.ഡി 609 ലാണ്. അന്ന് മെയ് മാസത്തിലായിരുന്നു തിരുനാൾ. ഒമ്പതാം നൂറ്റാണ്ടിൽ ഗ്രിഗറി നാലാമൻ പാപ്പ ഈ അവധിദിവസത്തെ നവംബർ ഒന്നിലേക്ക് മാറ്റി. അങ്ങനെ, ഒക്ടോബർ 31 രാത്രി സകല വിശുദ്ധരുടെയും തിരുനാളിന്റെ വിജിൽ ആയും ആഘോഷിക്കുവാൻ തീരുമാനിച്ചു. ഓൾ ഹാലോവ്സ് ഈവ് എന്നാണ് അതു വിളിക്കപ്പെട്ടതും. ജെർമാനിക് സഭ മുമ്പുതന്നെ ഈ തിരുനാൾ നവംബർ ഒന്നിനാണ് ആഘോഷിച്ചിരുന്നത് എന്നും സാംഹയിൻ ആഘോഷത്തിന്റെ ദിവസത്തോട് യോജിപ്പിക്കുന്നതിനാണ് ഈ മാറ്റം വരുത്തിയതെന്നും ചരിത്രകാരന്മാർ വിവരിച്ചുകാണുന്നു.

### ഒരു ഭൂതോച്ചാടകന്റെ വാക്കുകൾ

ഫാദർ വിൻസെന്റ് ലാംബെർട്ട് പ്രസിദ്ധ ഭൂതോച്ചാടകനാണ്. വത്തിക്കാനിലും റോമിലും ഏറെ പ്രശസ്തൻ. അദ്ദേഹത്തോട് ഹാലോവിൻ ആഘോഷങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ലഭിച്ച മറുപടി: 'കുട്ടികൾക്ക് ഈ ആഘോഷത്തിന്റെ ക്രിസ്തീയ അർത്ഥം മാതാപിതാക്കൾ മനസിലാക്കി കൊടുക്കണം. തിന്മയുടെ ശക്തികളെ മഹത്വപ്പെടുത്തുന്ന രീതിയിലുള്ള ഒന്നിനെ മാറ്റിനിർത്തണം. പിന്നെ, കുട്ടികൾ രസകരമായ വേഷമൊക്കെ ധരിച്ച് വീടുകൾ തോറും പോയി സൗഹൃദം പുതുക്കി മിഠായി വാങ്ങുന്നതിനെയൊന്നും

നിരാകരിക്കേണ്ടതില്ല. അതൊക്കെ ഒരു ആഘോഷത്തിന്റെ ഭാഗമായി കണ്ടാൽ മതി. മറ്റുള്ളവരിൽ ഭയം ജനിപ്പിക്കുന്നതും തിന്മയ്ക്ക് മഹത്വം നൽകുന്നതുമായ വസ്തുങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്. തമാശയ്ക്കോ, രസത്തിനോ ഈ ആഘോഷവുമായി ബന്ധപ്പെട്ട് മന്ത്രവാദം, മാജിക് തുടങ്ങിയവയൊന്നും ചെയ്യാതിരിക്കുകയും വേണം. ഹാലോവിനിൽ പിശാചിന് എന്തെങ്കിലും പ്രത്യേക താല്പര്യമുണ്ടെന്നൊന്നും വിചാരിക്കേണ്ടതില്ല. അതിൽ അവന് കൂടുതൽ നിയന്ത്രണവുമില്ല. പിശാച് ചെയ്യുന്നതിലല്ല നാം ശ്രദ്ധിക്കേണ്ടത്, നാം ചെയ്യുന്നതിനെക്കുറിച്ചാണ്. ഇത്തരം ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ഏറെക്കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാനാവും. സകല വിശുദ്ധരും ആരെന്നും മരണാനന്തരജീവിതം എന്തെന്നും ഒക്കെ, അത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തുക.'

കത്തോലിക്കാ വിശ്വാസമനുസരിച്ച് മരിച്ചുപോയവർ മൂന്ന് സ്ഥലങ്ങളിലാണുള്ളത്. സ്വർഗ്ഗ ത്തിൽ, നരകത്തിൽ, ശുദ്ധീകരണസ്ഥലത്ത്. ആരെങ്കിലും നരകത്തിൽ പോയതായി സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നില്ല. എന്നാൽ സ്വർഗ്ഗത്തിൽ പോയി എന്ന് സഭ ഉറപ്പിച്ച് പറയുകയും. മാതൃക അനുകരിക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നവരാണ് പ്രഖ്യാപിക്കപ്പെട്ട വിശുദ്ധർ.

മരണശേഷം ആത്മാക്കൾ ഈ ഭൂമിയിൽ അലഞ്ഞുതിരിയുമെന്നൊക്കെയുള്ള ചിന്തകളും ഭാവനകളും സിനിമകളുടെയും, നോവലുകളുടെയും ചില തെറ്റിദ്ധാരണകളുടെയും സംഭാവനയാണ്. ഈ തെറ്റിദ്ധാരണകളെ പിശാച് ധാരാളമായി മുതലെടുക്കുന്നുമുണ്ട്. കാരണം, മരണാനന്തര ജീവിതത്തെക്കുറിച്ച് മനുഷ്യർക്ക് തെറ്റിദ്ധാരണയും വ്യക്തമായ കാഴ്ചപ്പാടും ഇല്ലാതിരിക്കുക പിശാചിന്റെ ആവശ്യമാണ്. അക്കാര്യത്തിൽ പല സാഹചര്യങ്ങളിലൂടെയും അവൻ വിജയിച്ചിട്ടുമുണ്ട്. സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്ന നവംബർ ഒന്നാം തീയതി എല്ലാ വിശുദ്ധരുടെയും പ്രാർത്ഥന നമുക്ക് യാചിക്കാം. സകല മരിച്ചവരുടെയും ഓർമ്മയാചരിക്കുന്ന നവംബർ രണ്ടിന് മരിച്ചുപോയ സകലർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.